കലകൾ പഠിശീലിക്കുന്ന കുട്ടികൾക്ക് സ്റ്റൈപ്പെന്റ്, കലാകാരൻമാരെ ആദരിക്കൽ എന്നിവ സംഘടിപ്പിച്ചുവരുന്നു. നാടൻ പാട്ട്, ശില്പശാല, ഫോക്‌ലോർ മ്യൂസിയത്തിന്റെ സ്ഥാപനം, ഫോക്‌ലോർ ഡയറക്ടറി പ്രസിദ്ധീകരണം, നാടൻകലകളുടെ ഡോക്യുമെന്റേഷൻ ജനകലാ മാസികയുടെ പ്രസിദ്ധീകരണം എന്നിവ നടത്തുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഇല്ല.

(സി) ഇതുവരെ 29 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് പ്രത്യേകം പദ്ധതികളൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

സാംസ്ക്കാരിക വകുപ്പിന് കീഴിലുള്ള ഹെറിറ്റേജ് മ്യൂസിയങ്ങൾ

4 (1197) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്ക്കാരിക വകുപ്പിനു കീഴിൽ എത്ര ഹെറിറ്റേജ് മ്യൂസിയങ്ങൾ ഉണ്ട് ; അവ എവിടെയെല്ലാം ;

(ബി) ഇവ ഏത് വർഷങ്ങളിലാണ് ആരംഭിച്ചത് ;

(സി) നിലവിലുള്ള ഹെറിറ്റേജ് മ്യൂസിയങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) നിലവിലുള്ള ഹെറിറ്റേജ് മ്യൂസിയങ്ങളിൽ പ്രധാനമായും പ്രദർശിപ്പിച്ചിട്ടുള്ള വസ്തുക്കൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രണ്ട്, തൃപ്പൂണിത്തുറ ആർക്കിയോളജിക്കൽ മ്യൂസിയത്തിലും തക്കലയിലുള്ള പത്മനാഭപുരം കൊട്ടാരവളപ്പിലും.

(ബി) തൃപ്പൂണിത്തുറ ആർക്കിയോളജിക്കൽ മ്യൂസിയത്തിലുള്ള ഹെറിറ്റേജ് മ്യൂസിയം 1995-ലും പത്മനാഭപുരം കൊട്ടാരവളപ്പിലുള്ള ഹെറിറ്റേജ് മ്യൂസിയം 1998-ലുമാണ് ആരംഭിച്ചത്.

(സി) ഉദ്ദേശിക്കുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വികസന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള തറവാടുകളിൽ ഉപയോഗിച്ചിരുന്ന വിളക്കുകൾ, കിണ്ടികൾ, അടുക്കളസാധനങ്ങൾ, വാളുകൾ, കട്ടിൽ, ലേഡീസ് മുറിയിലുള്ള സാധനങ്ങൾ, കാരണവരുടെ മുറിയിലുള്ള സാധനങ്ങൾ, കലവറയിലുള്ള സാധനങ്ങൾ, എണ്ണതേപ്പ് മുറിയിലുള്ള സാധനങ്ങൾ എന്നിവയാണ് പ്രധാനമായും പ്രദർശിപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly